(ബി) എങ്കിൽ ഈ നിർദ്ദേശം പിൻവലിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സമാന്തര വിദ്യാലയങ്ങളിലെ നിലവാരം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) സർക്കാരിന്റെ 23-11-1998-ലെ ജി.ഒ.(ആർ.റ്റി.) നം. 432/98 ഉത്തരവ് പ്രകാരം സംസ്ഥാനത്തെ സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ നിലവാരം മെച്ചപ്പെടുത്താൻ ആവശ്യമായ ശുപാർശകൾ 4 മാസത്തിനുള്ളിൽ സർക്കാരിന് സമർപ്പിക്കണമെന്ന നിർദ്ദേശത്തോടെ 3 അംഗങ്ങൾ ഉൾപ്പെടുന്ന ഒരു സമിതിയെ നിയമിച്ചിട്ടുണ്ടായിരുന്നു. പക്ഷെ ടി സമിതി ഇതു സംബന്ധിച്ച് ശുപാർശകളൊന്നും സമർപ്പിക്കുകയുണ്ടായില്ല.

കേരള സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ ഓഹരി മൂലധനം

152 [606] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സർക്കാർ ഓഹരി മൂലധനമായി നൽകിയ തുക എത്രയാണ്;

(ബി) എന്ത് ഉദ്ദേശ്യ ലക്ഷ്യങ്ങളോടെയാണ് സംഘം രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംഘത്തിന്റെ ബൈലോയുടെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സംഘം ഏതെല്ലാം പദ്ധതികൾക്കായി എത്ര രൂപ ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും വായ്പയായി സ്വീകരിച്ചിട്ടുണ്ട് എന്നും വായ്പ ലഭിക്കുന്നതിലേക്ക് ഏതെല്ലാം സ്ഥാപനങ്ങൾക്ക് പദ്ധതി സമർപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) സർക്കാർ ഓഹരി മൂലധനത്തിന് പുറമെ മറ്റെന്തെല്ലാം സഹായങ്ങൾ സംഘത്തിന് ലഭ്യമാക്കിയിട്ടുണ്ട്;

(എഫ്) സംഘത്തിന്റെ ഓതറൈസ്ഡ് ഷെയർ ക്യാപിറ്റൽ എത്രയെന്നും പെയ്ഡഡ് ഷെയർ ക്യാപിറ്റൽ എത്രയെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് സർക്കാർ ഓഹരി മൂലധനമായി 92,03,950 (തൊണ്ണൂറ്റി രണ്ട് ലക്ഷത്തി മൂവായിരത്തി തൊള്ളായിരത്തി അമ്പത് രൂപ) രൂപയാണ് നൽകിയത്.

(ബി) കേരളത്തിലെ കാർഷിക മേഖലയെ പിന്തുണയ്ക്കുന്നതിനും നിലവിലുള്ള കാർഷിക വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനും പുതിയ കാർഷിക വ്യവസായ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും കാർഷിക വിഭവങ്ങളുടെ സംസ്ക്കരണ വിപണനത്തിനും അങ്ങനെ കാർഷിക മേഖലയിലെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും വേണ്ടിയാണ് സംഘം രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(സി) ലഭ്യമാക്കാം. †

(ഡി ആന്റ് ഇ) പൈനാപ്പിൾ പ്രോസസിങ്ങ് യൂണിറ്റ് തുടങ്ങുന്നതിനായി എൻ.സി.ഡി.സി.-യിൽ നിന്നും 1064.05 ലക്ഷം രൂപയും മണ്ണാർക്കാട്ട് ക്രമ്പ് റബ്ബർ ഫാക്ടറി ഏറ്റെടുത്തു നടത്തുന്നതിന് പാലക്കാട് കാനറാ ബാങ്കിൽ നിന്നും 125 ലക്ഷം രൂപയും വായ്പയായി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) സംഘത്തിന്റെ ഓതറൈസ്ഡ് ഷെയർ ക്യാപിറ്റൽ 250 കോടി രൂപയും പെയ്ഡഡ് ഷെയർ ക്യാപ്പിറ്റൽ 2.1 കോടി രൂപയാണ്.

ഇൻഷ്വറൻസ് ബിസിനസ്

153 [607] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകൾക്ക് സ്വകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് ഇൻഷ്വറൻസ് ബിസിനസ് നടത്താൻ അധികാരമുണ്ടോ;

(ബി) സംസ്ഥാനത്തെ ഏതെങ്കിലും ജില്ലാ സഹകരണ ബാങ്ക് ഇത്തരത്തിൽ സ്വകാര്യ സ്ഥാപനങ്ങളുമായി ചേർന്ന് ഇൻഷ്വറൻസ് ബിസിനസ് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല. എന്നാൽ, സഹകരണ ഇൻഷ്വറൻസ് സംഘവുമായി ചേർന്ന് ഇൻഷ്വറൻസ് ബിസിനസ് നടത്തുന്ന സ്ഥാപനത്തിന്റെ കോർപ്പറേറ്റ് ഏജന്റായി പ്രവർത്തിക്കുവാൻ തിരുവനന്തപുരം, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കുകൾ തീരുമാനിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly